ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1034

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 30 – 33**

പുരുഷന്മാരെ പ്രലോഭിപ്പിച്ചുകൊണ്ട് മേനിയഴക് പ്രദർശിപ്പിച്ച് വിലസി നടന്നിരുന്നത് ഏറെയും യജമാനന്മാരുടെ കൽപനപ്രകാരം അടിമസ്ത്രീകളാണ്. അടിമസ്ത്രീകളെ വേശ്യാവൃത്തിക്കുപയോഗിച്ച് നല്ല വരുമാനമുണ്ടാക്കിയിരുന്നു യജമാനന്മാർ. ചന്തം കാട്ടി വിലസി നടന്ന് പുരുഷന്മാരെ കൊതിപ്പിക്കുന്നതിൽ ചില കുലസ്ത്രീകളും ഇക്കാലത്തെന്നപോലെ അക്കാലത്തും തൽപരരായിരുന്നു. ഇസ്‌ലാം ഈ ദുരാചാരം നിരോധിച്ചു. പുറത്തിറങ്ങുന്ന സ്ത്രീകൾക്ക് ഹിജാബ് നിർബന്ധമാക്കി.

يَٰنِسَآءَ ٱلنَّبِيِّ مَن يَأۡتِ مِنكُنَّ بِفَٰحِشَةٖ مُّبَيِّنَةٖ يُضَٰعَفۡ
لَهَا ٱلۡعَذَابُ ضِعۡفَيۡنِۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرٗا ٣٠

30. അല്ലയോ പ്രവാചകപത്നിമാരേ, നിങ്ങളിലാരെങ്കിലും വ്യക്തമായ ദുർവൃത്തിയിലേർപ്പെട്ടാൽ രണ്ടിരട്ടി ശിക്ഷ ലഭിക്കുന്നതാകുന്നു. അല്ലാഹുവിന് അത് ഏറെ എളുപ്പമാകുന്നു.

وَمَن يَقۡنُتۡ مِنكُنَّ لِلَّهِ وَرَسُولِهِۦ وَتَعۡمَلۡ صَٰلِحٗا نُّؤۡتِهَآ
أَجۡرَهَا مَرَّتَيۡنِ وَأَعۡتَدۡنَا لَهَا رِزۡقٗا كَرِيمٗا ٣١

31. നിങ്ങളിൽ, അല്ലാഹുവിനോടും അവന്റെ ദൂതനോടും നിഷ്കളങ്കമായ വണക്കമുള്ളവരായി സൽക്കർമങ്ങളാചരിക്കുന്നവർക്കോ, നാം രണ്ടുവട്ടം കർമഫലം അരുളുന്നതാകുന്നു. അവർക്ക് മഹനീയമായ വിഭവങ്ങളൊരുക്കുകയും ചെയ്തിരിക്കുന്നു.

**30,31**

يَا نِسَاءَ النَّبِيِّ = അല്ലയോ പ്രവാചക(പത്നിമാരേ)ന്റെ സ്ത്രീകളേ

مَن يَأْتِ مِنكُنَّ بِفَاحِشَةٍ مُّبَيِّنَةٍ = നിങ്ങളിലാരെങ്കിലും ഒരു വ്യക്തമായ ദുർവൃത്തി(യിലേർപ്പെട്ടാൽ) കൊണ്ടുവന്നാൽ

يُضَاعَفْ لَهَا الْعَذَابُ = അവൾക്ക് ശിക്ഷ ഇരട്ടിപ്പിക്കപ്പെടും (ലഭിക്കുന്നതാകുന്നു)

ضِعْفَيْنِ = രണ്ടിരട്ടി وَكَانَ ذَٰلِكَ = അത് ആ(കുന്നു)യി عَلَى اللَّهِ = അല്ലാഹുവിന് يَسِيرًا = (ഏറെ) എളുപ്പമായത്

وَمَن يَقْنُتْ مِنكُنَّ لِلَّهِ وَرَسُولِهِ = നിങ്ങളിൽ അല്ലാഹുവിനും അവന്റെ റസൂലിനും വണങ്ങുന്നവർ (ദൂതനോടും- നിഷ്കളങ്കമായ വണക്കമുള്ളവരായി)

وَتَعْمَلْ صَالِحًا = നല്ലതു പ്രവർത്തിക്കുകയും ചെയ്യുന്നവർ (സൽക്കർമങ്ങളാചരിക്കുന്നവർക്കോ)

نُّؤْتِهَا = അവൾക്കു നാം നൽകുന്നു (അരുളുന്നതാകുന്നു) أَجْرَهَا = അവളുടെ പ്രതി(കർമ)ഫലം مَرَّتَيْنِ = രണ്ടു വട്ടം

وَأَعْتَدْنَا لَهَا = നാം അവൾക്ക് ഒരുക്കുകയും ചെയ്തിരിക്കുന്നു رِزْقًا كَرِيمًا = മഹനീയമായ വിഭവം, അനുഗ്രഹം

മുൻസൂക്തങ്ങൾ നിർദേശിച്ച പ്രകാരം പ്രവാചകൻ പത്നിമാരെ വിളിച്ച്, നിങ്ങൾ രാജകുടുംബങ്ങളിലെയും പ്രഭുകുടുംബങ്ങളിലെയും വനിതകളെപ്പോലെ ഭൗതികമായ സുഖാഡംബരങ്ങളാണ് ആഗ്രഹിക്കുന്നതെങ്കിൽ പ്രവാചകപത്നീപദം ഉപേക്ഷിച്ച് മാന്യമായി പിരിഞ്ഞുപോകാം, അതല്ല അല്ലാഹുവിന്റെയും റസൂലിന്റെയും തൃപ്തിയും പരലോകവിജയവുമാണ് ആഗ്രഹിക്കുന്നതെങ്കിൽ മാത്രം ബന്ധം തുടരാം, അങ്ങനെ തുടരുന്നവർക്ക് അല്ലാഹു പരലോകത്ത് മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു എന്നറിയിച്ചപ്പോൾ എല്ലാ പത്നിമാരും തങ്ങൾക്ക് അല്ലാഹുവിന്റെയും പ്രവാചകന്റെയും തൃപ്തിയും പരലോകവിജയവും മതി എന്ന മറുപടി കൊടുത്തതിനെ തുടർന്ന് പ്രവാചകപത്നിമാരെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് ഗൗരവതരമായ ചില ഉപദേശങ്ങൾ നൽകുകയാണ്.

نِسَاءَ النَّبِيِّ-ന്റെ വാക്കർഥം പ്രവാചകന്റെ സ്ത്രീകൾ എന്നാണെങ്കിലും ഉദ്ദേശ്യം പ്രവാചകപത്നിമാരാണ്. نساء ബഹുവചനമാണ്. ഇതിന് ഏകവചനമില്ല. സ്ത്രീയുടെ ഏകവചനമായി ഉപയോഗിക്കാറുള്ളത് മറ്റൊരു ധാതുവിൽനിന്നുള്ള إِمْرَأَة ആണ്. نساء-ന് نسوان എന്നും نسوة എന്നും പാഠമുണ്ട്. വഷളായ എല്ലാ കുറ്റകൃത്യങ്ങളും فاحشة ആണ്. വ്യഭിചാരം, അനാശാസ്യം എന്ന അർഥങ്ങളിലും ഉപയോഗിക്കാറുണ്ട്. സ്പഷ്ടമായതും മറ്റുള്ളവർ കാണുന്നതുമായ മ്ലേഛ കുറ്റകൃത്യങ്ങളാണ് فَاحِشَةٍ مُّبَيِّنَةٍ. ഒരു വസ്തുവിന് തുല്യമായതാണ് അതിന്റെ ضِعْف. നല്ലതോ ചീത്തയോ ആയ ഒരു കർമം അർഹിക്കുന്ന ഫലം അതിന്റെ ضعف ആകുന്നു. ضعف -ൽനിന്നു തന്നെയുള്ള മറ്റൊരു പദമായ ضُعف ഇതിന്റെ വിപരീതമാകുന്നു. ഒരു വസ്തുവിന്റെ തുല്യത്തിൽ കുറയൽ, ശോഷിക്കൽ ആണ് ضُعف. ഒരു കാര്യത്തിന്റെ ഫലം അതിന്റെ രണ്ടത്രയാകുമ്പോൾ ضعفان ആകുന്നു. കലവറയില്ലാത്ത എളിമത്വവും വിധേയത്വവുമായ قنوت -ൽനിന്നുള്ള ക്രിയാവചനമാണ് يَقْنُتْ. കർത്താവ് പ്രവാചകപത്നിമാരാകുമ്പോൾ تَقْنُتْ എന്ന് സ്ത്രീലിംഗ ക്രിയാവചനമാണ് ഉപയോഗിക്കേണ്ടത്. ഇവിടെ മുമ്പിലുള്ള من -നെ കർത്താവായി പരിഗണിച്ചുകൊണ്ട് പുല്ലിംഗക്രിയ ഉപയോഗിച്ചിരിക്കുന്നു. من (ആരെങ്കിലും ഒരുവൻ, ചിലർ, പലർ)-ന് ഏകവചനവും ബഹുവചനവും സ്ത്രീലിംഗ വചനവും ഇല്ല. وَتَعْمَلْ صَالِحًا എന്നു പറഞ്ഞിടത്ത് പ്രവാചകപത്നിമാരെ കർത്താവായി പരിഗണിച്ച് സ്ത്രീലിംഗ ക്രിയാവചനം തന്നെ ഉപയോഗിച്ചിരിക്കുന്നു.

വചനതാൽപര്യം ഇതാണ്: രാജ്ഞിമാരെയും പ്രഭ്വികളെയും പോലെ തോന്നുന്നതെന്തും ചെയ്യാൻ അനുമതിയുള്ളവരല്ല പ്രവാചകപത്നിമാർ. ഒരു ഭരണാധികാരി എന്നതിലുപരി സത്യത്തിന്റെയും ധർമത്തിന്റെയും പ്രബോധകനും പ്രയോക്താവുമാണ് പ്രവാചകൻ. പ്രവാചകന്റെ ജീവിതത്തിലെന്ന പോലെ അദ്ദേഹത്തിന്റെ പത്നിമാരുടെ ജീവിതത്തിലും സത്യവും ധർമവും തെളിഞ്ഞുകാണണം. രാജകുടുംബത്തിലെ സ്ത്രീകളും പുരുഷന്മാരും കുറ്റകൃത്യങ്ങളിലേർപ്പെട്ടാൽ സാധാരണ അത് ചോദ്യം ചെയ്യപ്പെടുകയില്ല. ഇഷ്ടമുള്ളത് ചെയ്യാൻ അവർക്ക് അധികാരമുണ്ടെന്നാണ് വെപ്പ്. പ്രവാചക പത്നിമാർ ചെയ്യേണ്ടത് അവർക്കിഷ്ടമുള്ളതല്ല; അല്ലാഹുവിനും പ്രവാചകന്നും ഇഷ്ടമുള്ളതാണ്. പ്രവാചകപത്നിമാരിലാരെങ്കിലും അല്ലാഹുവിന്റെയും റസൂലിന്റെയും ശത്രുക്കളുടെയോ കപടവിശ്വാസികളുടെയോ പ്രലോഭനങ്ങൾക്ക് വശംവദരായി പ്രകടമായ വല്ല അധാർമിക വൃത്തിയിലും ഏർപ്പെട്ടു പോയാൽ അവർക്കു ലഭിക്കുന്ന ശിക്ഷ, ആ അധാർമിക വൃത്തിയർഹിക്കുന്ന ശിക്ഷയുടെ ഇരട്ടിയായിരിക്കും. കാരണം അവർ സത്യവിശ്വാസികളുടെ മാതാക്കളും മാതൃകാ വനിതകളുമാകുന്നു. അവരിൽ കാണപ്പെടുന്ന അധർമം സാധാരണക്കാർ ധർമമായി, ചുരുങ്ങിയപക്ഷം നിപരാധമായിട്ടെങ്കിലും മനസ്സിലാക്കുകയും അനുകരിക്കുകയും ചെയ്യുന്നു. പ്രവാചകന്റെ പത്നീപദം അലങ്കരിച്ചവർ എന്ന പദവിയുള്ള നിങ്ങളെ ശിക്ഷിക്കാൻ അല്ലാഹു മടിക്കുമെന്നോ പ്രയാസപ്പെടുമെന്നോ വിചാരിക്കേണ്ട. ശിക്ഷാർഹമായ കുറ്റം ചെയ്ത ആരെയും അവൻ ശിക്ഷിക്കുക തന്നെ ചെയ്യും. അവന്റെ നീതിനടത്തിപ്പ് തികച്ചും നിഷ്പക്ഷമാണ്. കുറ്റവാളികളുടെ വംശബന്ധമോ സ്ഥാനമാനങ്ങളോ അതിനെ ഒട്ടും ബാധിക്കുകയില്ല.

മറുവശത്ത്, ചെകുത്താന്റെ കിങ്കരന്മാരുടെ ദുർബോധനങ്ങൾക്ക് വഴിപ്പെടാതെ അല്ലാഹുവിനോടും റസൂലിനോടും വിനീതവിധേയരായി വർത്തിക്കുകയും അവർ നൽകുന്ന വിധിവിലക്കുകൾ പാലിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്ന പ്രവാചകപത്നിമാർക്ക് രണ്ടിരട്ടി പ്രതിഫലവും നൽകും. ضِعْفَيْنِ -യുടെ മറ്റൊരു ഭാഷ്യമാണ് مَرَّتَيْنِ. 29-ാം സൂക്തത്തിൽ പറഞ്ഞ أَجْرًا عَظِيمًا -നെയാണ് ഇവിടെ رِزْقًا كَرِيمًا എന്നു പറഞ്ഞിരിക്കുന്നത്. അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹമാണ് رِزْق. അതിന്റെ كريم എന്ന വിശേഷണം, അത് വെറും ദാനമായി നൽകുന്നതല്ല, മറിച്ച് അവർക്ക് അവകാശപ്പെട്ടത് എന്ന നിലയിൽ നിരുപാധികമായും എന്നന്നേക്കുമായും നൽകുന്നതാണ് എന്നു സൂചിപ്പിക്കുന്നു.

അധാർമികമോ അനാശാസ്യമോ ആയ നടപടികളിലേർപ്പെടുകയാണെങ്കിൽ ഇരട്ടി ശിക്ഷ ലഭിക്കുമെന്ന് പ്രവാചകപത്നിമാരെ താക്കീതു ചെയ്യുന്നത്, അവരിൽനിന്ന് അത്തരം ചലനം പ്രകടമായതുകൊണ്ടല്ല. അവരെല്ലാവരും പരിശുദ്ധകളും വിശ്വാസികളുടെ മാതാക്കളുമായി ജീവിതം നയിച്ചവരുമാണ്. അവരുടെ പദവിയുടെ മഹത്വവും അത് ചുമത്തുന്ന ഉത്തരവാദിത്തത്തിന്റെ ഗൗരവവും ഉദ്ബോധിപ്പിക്കുകയാണിവിടെ.

لَئِن اشركت ليحبطن عملك-'നീ ശിർക്ക് ചെയ്യുന്നുവെങ്കിൽ നിന്റെ കർമം നശിച്ചുപോകും' എന്ന് പ്രവാചകനെ താക്കീതു ചെയ്തതുപോലെയാണിത്. പ്രവാചകത്വലബ്ധിക്കു മുമ്പുപോലും ശിർക്കിനോട് വിരക്തി പുലർത്തിയ അദ്ദേഹത്തോട് ശിർക്കിന്റെ ഗൗരവം ഊന്നിയുറപ്പിക്കുകയായിരുന്നു. എന്നാൽ മുഹമ്മദ് നബി(സ)യുടെ ഭാര്യമാർ പരിശുദ്ധരും ധർമനിരതരും സദാചാരിണികളും ആയിരുന്നുവെങ്കിലും അവരിൽനിന്ന് അനാശാസ്യ നടപടികൾ ഉണ്ടാവുക അസംഭവ്യമൊന്നുമല്ല. നൂഹ് നബി(അ)യുടെയും ലൂത്വ് നബി(അ)യുടെയും ഭാര്യമാർ ഭർത്താക്കന്മാരെ വഞ്ചിച്ചവരാണെന്ന് ഖുർആൻ 66:10-ൽ പ്രസ്താവിക്കുന്നുണ്ട്.

രക്ഷാശിക്ഷകളുടെ കാര്യത്തിലുള്ള അല്ലാഹുവിന്റെ നടപടിക്രമം (سنة) ഈ സൂക്തങ്ങളിൽ വ്യക്തമാകുന്നുണ്ട്. ഒരു കർമം ഏതു സാഹചര്യത്തിൽ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു അതിന്റെ ഔന്നത്യവും അധമത്വവും.

പ്രവാചക പത്നിമാർക്കു ലഭിക്കുന്ന പ്രവാചകസാന്നിധ്യവും സമ്പർക്കവും, സത്യവും ധർമവും വ്യക്തമായി ഗ്രഹിക്കാനും ആചരിക്കാനും പ്രചോദനം നൽകുന്ന സാഹചര്യമാണ്. ഈ സാഹചര്യം ഉണ്ടായിട്ടും പ്രവാചകദർശനത്തേക്കാൾ ഭൗതികാഡംബരങ്ങൾക്ക് പ്രാമുഖ്യം കൽപിക്കുകയും അതിനുവേണ്ടി അരുതായ്മകൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ ഇത്തരം അനുകൂല സാഹചര്യം ലഭിക്കാത്ത സ്ത്രീകളിൽ നിന്നുണ്ടാകുന്ന അരുതായ്മകൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി ശിക്ഷക്കർഹരാകുന്നു. പ്രവാചകന്റെ ലളിത ജീവിതത്തിലും ദാരിദ്ര്യത്തിലും ത്യാഗനിർഭരമായ ദൗത്യത്തിലും പങ്കുചേരുക അദ്ദേഹത്തിന്റെ പത്നിമാർക്ക് വലിയ വെല്ലുവിളിയായിരുന്നു. ആ വെല്ലുവിളി ആത്മവിശ്വാസത്തോടെ നേരിട്ടുകൊണ്ട് അദ്ദേഹത്തിന്റെ പിന്നിൽ ഉറച്ചുനിന്ന പത്നിമാർ അത്തരം വെല്ലുവിളികൾക്കൊന്നും വിധേയരാവാത്ത വനിതകളുടെ സൽക്കർമം അർഹിക്കുന്നതിനേക്കാൾ ഇരട്ടി പ്രതിഫലം അർഹിക്കുന്നു. ●

يَٰنِسَآءَ ٱلنَّبِيِّ لَسۡتُنَّ كَأَحَدٖ مِّنَ ٱلنِّسَآءِۚ إِنِ ٱتَّقَيۡتُنَّ فَلَا تَخۡضَعۡنَ بِٱلۡقَوۡلِ فَيَطۡمَعَ ٱلَّذِي فِي قَلۡبِهِۦ مَرَضٞ وَقُلۡنَ قَوۡلٗا مَّعۡرُوفٗا ٣٢

32. അല്ലയോ പ്രവാചകപത്നിമാരേ, നിങ്ങൾ സാധാരണ സ്ത്രീകളെപ്പോലെയല്ല; നിങ്ങൾ സൂക്ഷ്മത പാലിക്കുന്നുണ്ടെങ്കിൽ. ആകയാൽ നിങ്ങൾ പരപുരുഷന്മാരോടു കൊഞ്ചിക്കുഴഞ്ഞ് സംസാരിച്ചുകൂടാ. മനസ്സിൽ രോഗമുള്ളവരെ അതു പ്രലോഭിതരാക്കും. പ്രത്യുത, മാന്യമായി വേണം നിങ്ങൾ സംസാരിക്കാൻ.

**32**

يَا نِسَاءَ النَّبِيِّ = അല്ലയോ പ്രവാചക(പത്നിമാരേ)ന്റെ സ്ത്രീകളേ لَسْتُنَّ = നിങ്ങൾ അല്ല

كَأَحَدٍ مِّنَ النِّسَاءِ = സ്ത്രീകളിൽപെട്ട ഒരുവളെയും പോലെ (സാധാരണ സ്ത്രീകളെപ്പോലെ)

إِنِ اتَّقَيْتُنَّ = നിങ്ങൾ സൂക്ഷ്മത പാലിക്കുന്നുണ്ടെങ്കിൽ, ദൈവഭയമുള്ളവരെങ്കിൽ

فَلَا تَخْضَعْنَ بِالْقَوْلِ = ആകയാൽ നിങ്ങൾ (പരപുരുഷന്മാരോടു) വാക്കുകൊണ്ട് കീഴ്പ്പെടരുത് (കൊഞ്ചിക്കുഴഞ്ഞ് സംസാരിച്ചുകൂടാ)

فَيَطْمَعَ = അപ്പോൾ ആഗ്രഹിക്കും (അതു പ്രലോഭിതരാക്കും) الَّذِي فِي قَلْبِهِ مَرَضٌ = മനസ്സിൽ രോഗമുള്ളവനെ

وَقُلْنَ قَوْلًا مَّعْرُوفًا = (പ്രത്യുത) നിങ്ങൾ മാന്യമായ വാക്കു പറയുക (മാന്യമായി വേണം സംസാരിക്കാൻ)

വീണ്ടും പ്രവാചകപത്നിമാരെ സംബോധന ചെയ്തുകൊണ്ട് ഉണർത്തുകയാണ്: നിങ്ങൾ സാധാരണ സ്ത്രീകളെപ്പോലെയല്ല; പ്രവാചകപത്നീപദവി അലങ്കരിക്കുന്നവരാണ്. ആ പദവി മഹത്തരമാണ്. നിങ്ങൾ ആ പദവിക്കർഹരാകുന്നത് ആ പദവിയുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ജീവിതചര്യകളിലും പെരുമാറ്റത്തിലും അതാവശ്യപ്പെടുന്ന സൂക്ഷ്മത പാലിക്കുകയും ചെയ്യുമ്പോഴാണ്. إِنِ اتَّقَيْتُنَّ -യുടെ താൽപര്യം 'നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നുവെങ്കിൽ -തഖ്‌വയുള്ളവരാകുന്നുവെങ്കിൽ' എന്നുമാകാം. അപ്പോഴും ആശയം നിങ്ങൾ പ്രവാചകന്റെ പത്നീപദത്തിന്റെ മഹത്വത്തിനർഹരാകുന്നത് തഖ്‌വയുള്ളവരാകുമ്പോഴാണ് എന്നുതന്നെയാകുന്നു.

എളിമയുടെയും വിനയത്തിന്റെയും പ്രകടനമായ خُضُوع-ൽനിന്നുള്ള ക്രിയയാണ് تَخْضَعْنَ. വാക്കുകൊണ്ട് എളിമത്വം കാട്ടരുത് എന്നതിന് രണ്ട് മാനമുണ്ട്: 1) മുസ്‌ലിം സമൂഹത്തിലും പ്രവാചക കുടുംബത്തിലും കുഴപ്പങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിക്കുന്ന കാഫിറുകളുടെയും മുനാഫിഖുകളുടെയും വർത്തമാനങ്ങളിൽ പ്രലോഭിതരായി അവരോട് അനുഭാവപൂർവം മൃദുലമായി സംസാരിക്കരുത്. അത് മനസ്സിൽ രോഗങ്ങൾ- ദുരുദ്ദേശ്യങ്ങൾ- ഉള്ളവർക്ക് നിങ്ങളിൽ പ്രതീക്ഷ വളർത്തും. അങ്ങനെ നിങ്ങളെ ചൂഷണം ചെയ്ത് പ്രവാചകകുടുംബത്തെ മലിനമാക്കും. 2) ആളുകളോട് വശ്യമായി കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുത്. ദുഷ്ടമനസ്സുകളിൽ അത് നിങ്ങളെക്കുറിച്ച് അനാശാസ്യമായ മോഹങ്ങൾ വളർത്തിയേക്കും. പ്രവാചകപത്നിമാർ എപ്പോഴും ആളുകളോട് സംസാരിക്കുന്നത് തികഞ്ഞ അച്ചടക്കത്തോടെയും മാന്യമായ ഭാഷയിലും ആയിരിക്കണം. അതുകേട്ടാൽ മനസ്സിൽ രോഗമുള്ളവർക്ക് അഥവാ അടങ്ങാത്ത അസൂയയും വിദ്വേഷവും ഉള്ളവർക്കും നിങ്ങളെ മാനഭംഗപ്പെടുത്താനാഗ്രഹിക്കുന്നവർക്കും തങ്ങളുടെ ഉള്ളിലിരിപ്പൊന്നും ഇവരുടെ മുമ്പിൽ ഒട്ടും ചെലവാകില്ല എന്നു ബോധ്യപ്പെടണം. ദുരുദ്ദേശ്യമുള്ള പുരുഷന്മാർക്ക് ചൂഷണം ചെയ്യാൻ പാകത്തിലോ വൃത്തികെട്ട മനസ്സുകളിൽ അനാശാസ്യമായ മോഹം ജനിപ്പിക്കുന്ന തരത്തിലോ പ്രവാചകപത്നിമാർ സംസാരിക്കുന്നതാണ് ഇവിടെ വിലക്കുന്നത്. ന്യായമായ കാര്യങ്ങൾക്കുവേണ്ടി മാന്യമായ രീതിയിൽ അവർക്ക് ആരോടും സംസാരിക്കാവുന്നതാണ്. പ്രബോധന പ്രവർത്തനങ്ങൾ നടത്തുകയോ സഭകളിൽ പ്രഭാഷണങ്ങളവതരിപ്പിക്കുകയോ ചെയ്യുന്നതിനും വിലക്കില്ല. അലി(റ)യുടെ ഖിലാഫത്ത് കാലത്ത് ആഇശ(റ) മസ്ജിദുൽ ഹറാമിൽ നടത്തിയ പ്രഭാഷണം ചരിത്രപ്രസിദ്ധമാകുന്നു. ●

وَقَرْنَ فِي بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ وَرَسُولَهُۥٓ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾

33. സ്വഗൃഹങ്ങളിലൊതുങ്ങി വർത്തിക്കുവിൻ. പഴയ ജാഹിലിയ്യാ കാലത്തേതുപോലെ വെളിയിൽ ചന്തം കാട്ടി വിലസാതിരിക്കുവിൻ. നമസ്കാരം നിലനിർത്തുവിൻ. സകാത്ത് കൊടുക്കുവിൻ. അല്ലാഹുവിനും അവന്റെ ദൂതന്നും വഴിപ്പെട്ടു വാഴുവിൻ. അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങളിൽനിന്ന് മാലിന്യമകറ്റാനും പ്രവാചകകുടുംബമേ നിങ്ങളെ പൂർണമായി വിമലീകരിക്കാനും തന്നെയാകുന്നു.

**33**

وَقَرْنَ = നിങ്ങൾ ഒതുങ്ങി വർത്തിക്കുവിൻ فِي بُيُوتِكُنَّ = നിങ്ങളുടെ (സ്വ) ഗൃഹങ്ങളിൽ

وَلَا تَبَرَّجْنَ = (ചന്തം കാട്ടി വെളിയിൽ വിലസാതിരിക്കുവിൻ) നിങ്ങൾ അഴക് വെളിപ്പെടുത്തരുത്

تَبَرُّجَ الْجَاهِلِيَّةِ الْأُولَىٰ = (പഴയ ജാഹിലിയ്യാ കാലത്തേതുപോലെ) ആദ്യകാല ജാഹിലിയ്യത്തിന്റെ വെളിപ്പെടുത്തൽ

وَأَقِمْنَ الصَّلَاةَ = നമസ്കാരം നിലനിർത്തുവിൻ وَآتِينَ الزَّكَاةَ= സകാത്ത് കൊടുക്കുവിൻ

وَأَطِعْنَ اللَّهَ وَرَسُولَهُ = അല്ലാഹുവിനും അവന്റെ ദൂതനും വഴിപ്പെടു(ട്ടു വാഴു)വിൻ

إِنَّمَا يُرِيدُ اللَّهُ = അല്ലാഹു ഉദ്ദേശിക്കുന്നത് لِيُذْهِبَ عَنكُمُ = (അകറ്റാനും) നിങ്ങളിൽനിന്ന് പോക്കാൻ

الرِّجْسَ = മാലിന്യം أَهْلَ الْبَيْتِ = പ്രവാചകകുടുംബമേ

وَيُطَهِّرَكُمْ تَطْهِيرًا = (പൂർണമായി വിമലീകരിക്കാനും) തന്നെയാകുന്നു നിങ്ങളെ നന്നായി ശുദ്ധീകരിക്കാനും

മൂലത്തിലെ وَقَرْنَ എന്ന ശാസനക്രിയ وَقَار -ൽനിന്നോ قرار -ൽനിന്നോ ഉത്ഭവിച്ചതാണ്. ശാന്തതയും ഗൗരവവും നിറഞ്ഞ അവസ്ഥയാണ് وقار. അതിൽനിന്നുള്ളതാണ് وقرن എങ്കിൽ താൽപര്യം പ്രവാചകപത്നിമാർ അവരുടെ ഭവനങ്ങളിൽ കാര്യഗൗരവവും അന്തസ്സുമുള്ളവരായി വർത്തിക്കണം എന്നാണ്. അടങ്ങി താമസിക്കലാണ് قرار. ഇതിൽനിന്നുള്ളതാണ് وَقَرْنَ എങ്കിൽ അതിലെ 'വ' (واو) قرن -യെ മുൻസൂക്തത്തിലെ قُلْنَ യോടു സമാസിക്കുന്ന ചിഹ്നമാണ്. പ്രവാചകപത്നിമാർ അവരുടെ വീടുകളിൽ അടങ്ങിയൊതുങ്ങി കഴിയുകയും വേണം എന്ന് താൽപര്യം. അധിക ഖുർആൻ വ്യാഖ്യാതാക്കളും ഈ ആശയമാണ് സ്വീകരിച്ചിട്ടുള്ളത്. وَلَا تَبَرَّجْنَ എന്ന തുടർവാക്യം ഈ ആശയത്തെ ബലപ്പെടുത്തുന്നുണ്ട്. സ്ത്രീകൾ സൗന്ദര്യം പ്രദർശിപ്പിച്ച് പുറത്തിറങ്ങി വിലസി നടക്കുകയാണ് تَبَرُّج. ജാഹിലിയ്യാ സംസ്കാരത്തിൽ ഇത് സാധാരണയാണ്. ഇസ്‌ലാമിനു മുമ്പ് അറേബ്യയിൽ നിലനിന്ന ജാഹിലിയ്യത്തിലും - الْجَاهِلِيَّةِ الْأُولَىٰ - ഇതുണ്ടായിരുന്നു. പുരുഷന്മാരെ പ്രലോഭിപ്പിച്ചുകൊണ്ട് മേനിയഴക് പ്രദർശിപ്പിച്ച് വിലസി നടന്നിരുന്നത് ഏറെയും യജമാനന്മാരുടെ കൽപനപ്രകാരം അടിമസ്ത്രീകളാണ്. അടിമസ്ത്രീകളെ വേശ്യാവൃത്തിക്കുപയോഗിച്ച് നല്ല വരുമാനമുണ്ടാക്കിയിരുന്നു യജമാനന്മാർ. ചന്തം കാട്ടി വിലസി നടന്ന് പുരുഷന്മാരെ കൊതിപ്പിക്കുന്നതിൽ ചില കുലസ്ത്രീകളും ഇക്കാലത്തെന്നപോലെ അക്കാലത്തും തൽപരരായിരുന്നു. ഇസ്‌ലാം ഈ ദുരാചാരം നിരോധിച്ചു. പുറത്തിറങ്ങുന്ന സ്ത്രീകൾക്ക് ഹിജാബ് നിർബന്ധമാക്കി. യൗവനം പിന്നിട്ട് വീട്ടിൽ ഇരിപ്പിലായ ലൈംഗിക താൽപര്യമില്ലാത്ത സ്ത്രീകൾപോലും നഗ്നത പ്രദർശിപ്പിക്കരുതെന്ന് 24:60-ൽ കൽപിച്ചിട്ടുണ്ട്. 24:31 സൂക്തവും സ്ത്രീകളുടെ സൗന്ദര്യപ്രദർശനം വ്യക്തമായി വിലക്കുന്നുണ്ട്. വിശദീകരണം *ഖുർആൻബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

വീട്ടിൽ അടങ്ങിക്കഴിയുക -وَقَرْنَ فِي بُيُوتِكُنَّ- എന്ന വാക്യത്തിന്റെ താൽപര്യമെന്താണെന്ന് വിശദീകരിക്കുക കൂടി ചെയ്യുന്നതാണ് وَلَا تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الْأُولَىٰ എന്ന വാക്യം. സൗന്ദര്യം പ്രദർശിപ്പിക്കാൻ വെളിയിലിറങ്ങി വിലസാതിരിക്കുകയാണത്. അല്ലാതെ, ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പുറത്തിറങ്ങുന്നതോ യാത്ര ചെയ്യുന്നതോ അല്ല. ان الله أذن لكم ان يخرجن لحوائجكن 'നിങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി പുറത്തുപോകാൻ അല്ലാഹു അനുവാദം തന്നിരിക്കുന്നു' എന്ന് നബി(സ) പ്രസ്താവിച്ചതായി നിവേദനമുണ്ട്. പള്ളിയിലെ ജമാഅത്തുകളിൽ പങ്കെടുക്കുക, ഹജ്ജ്-ഉംറ യാത്രകൾ, ബന്ധുക്കളെയും രോഗികളെയും സന്ദർശിക്കൽ, വിദ്യാഭ്യാസത്തിനും ജീവിതായോധനത്തിനും വേണ്ടിയുള്ള യാത്രകൾ, പ്രബോധന യാത്രകൾ, ജിഹാദുമായി ബന്ധപ്പെട്ട യാത്രകൾ തുടങ്ങിയവയെല്ലാം ന്യായമായ ആവശ്യങ്ങളുടെ ഗണത്തിൽ പെടുന്നു. പ്രവാചകന്റെ കാലത്തും അതിനുശേഷവും പ്രവാചകപത്നിമാരും സ്വഹാബിവനിതകളും ഇത്തരം യാത്രകൾ നടത്താറുണ്ടായിരുന്നു. പല യുദ്ധയാത്രകളിലും പ്രവാചകനെ പത്നിമാർ അനുഗമിച്ചതായി കാണാം. അലി(റ)യുടെ ഖിലാഫത്ത് കാലത്ത് ജമൽ യുദ്ധവുമായി ബന്ധപ്പെട്ട് ആഇശ(റ) ബസ്വറയിലേക്ക് സഞ്ചരിക്കുകയുണ്ടായി. അലി(റ)യുടെ ഖിലാഫത്തിനെ അനുകൂലിച്ചവരും പ്രതികൂലിച്ചവരും തമ്മിൽ സംഘട്ടനമാരംഭിച്ചപ്പോൾ ഈ മഹാവിപത്ത് ഒഴിവാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന് ജനങ്ങൾ ആഇശ(റ)യോട് അഭ്യർഥിക്കുകയായിരുന്നു. وَإِن طَائِفَتَانِ مِنَ الْمُؤْمِنِينَ اقْتَتَلُوا فَأَصْلِحُوا بَيْنَهُمَا - 'സത്യവിശ്വാസികളിൽനിന്നുള്ള രണ്ടുവിഭാഗം പരസ്പരം പോരാടുന്നുവെങ്കിൽ നിങ്ങൾ അവർക്കിടയിൽ ഒത്തുതീർപ്പുണ്ടാക്കണം' (49: 9) എന്ന ഖുർആൻ വാക്യത്തെ ആധാരമാക്കി ഈ സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനു ശ്രമിക്കേണ്ടത് തന്റെ മുഖ്യ കടമയാണെന്ന് കരുതിയ അവർ നേരത്തേ നിശ്ചയിച്ച ഹജ്ജ് യാത്ര മാറ്റിവെച്ച് സംഘർഷഭൂമിയിലേക്ക് പുറപ്പെടുകയായിരുന്നു. പക്ഷേ, യുദ്ധം ഒഴിവാക്കാൻ അവർ

ക്കു കഴിഞ്ഞില്ല. അവരുടെ ഒട്ടകത്തിനു കുത്തേറ്റു. ചിലർ അതിന്റെ കുളമ്പിനു പരിക്കേൽപിച്ചു. അതുകൊണ്ടാവാം ഈ സംഭവം 'ഒട്ടകസംഭവം' - وقعة الجمل- എന്നറിയപ്പെട്ടത്. ഈ ഘട്ടത്തിൽ സഹോദരൻ മുഹമ്മദു ബ്നു അബൂബക്ർ അവരെ ബസ്വറയിലേക്ക് കൊണ്ടുപോയി. അവിടെനിന്ന് അലി(റ) 30 വനിതകളുടെ അകമ്പടിയോടെ ആഇശ(റ)യെ മദീനയിലേക്ക് യാത്രയാക്കുകയായിരുന്നു. ആഇശ(റ) അലി(റ)യെ എതിർത്തവരുടെ പക്ഷത്തായിരുന്നുവെന്നും പ്രസ്താവമുണ്ട്. അതെന്തായാലും പ്രവാചകപത്നിമാർ വീട്ടിൽ അടങ്ങിക്കഴിയണമെന്ന കൽപനയുടെ അർഥമെന്താണെന്നും സാമൂഹിക-രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടാനുള്ള അവരുടെ അവകാശം എത്ര വിപുലമാണെന്നും ഈ സംഭവം സുതരാം വ്യക്തമാക്കുന്നു.

നമസ്കാരം നിലനിർത്തലും സകാത്ത് നൽകലും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കലുമാണ് തുടർന്നനുശാസിക്കുന്ന കാര്യങ്ങൾ. ഈ കൽപനകൾ സത്യവിശ്വാസികളായ എല്ലാ സ്ത്രീപുരുഷന്മാരും നിർബന്ധമായി അനുസരിക്കേണ്ടതാണെന്നതിൽ തർക്കമില്ല. അതുപോലെ, അന്യ പുരുഷന്മാരോട് കൊഞ്ചിക്കുഴഞ്ഞ് സല്ലപിക്കാതിരിക്കുന്നതും വെളിയിലിറങ്ങി മേനിയഴക് പ്രദർശിപ്പിച്ച് വിലസാതിരിക്കുന്നതും എല്ലാ സ്ത്രീകൾക്കും നിർബന്ധമാണ്. ഉന്നതസ്ഥാനീയരും മാതൃകാ പുരുഷന്മാരുമായ ആളുകളുടെ കുടുംബിനികൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയുമുള്ളവരായിരിക്കണമെന്നാണ് ഇക്കാര്യങ്ങൾ പ്രവാചകപത്നിമാരെ സംബോധന ചെയ്തുകൊണ്ട് പ്രസ്താവിച്ചതിന്റെ താൽപര്യം.

ഇത്തരം മര്യാദകളും നിഷ്ഠകളും കൽപിക്കുന്നത് പ്രവാചകപത്നിമാരുടെ സ്വാതന്ത്ര്യം നിഷേധിച്ച് കർക്കശമായ നിയന്ത്രണങ്ങളുടെ കാരാഗൃഹത്തിൽ തളച്ചിടാനല്ല. മറിച്ച്, അവരെ ദുർമോഹങ്ങളുടെയും ദുരാചാരങ്ങളുടെയും കുപ്പത്തൊട്ടിയിൽ നിന്നകറ്റുകയും ധാർമികമാലിന്യങ്ങളിൽനിന്ന് ശുദ്ധീകരിച്ചു സംസ്കരിച്ച് മുസ്‌ലിം സമൂഹത്തിന്റെ മാതൃകാ വനിതകളായി സ്ഥിരപ്പെടുത്തുകയും മാത്രമാകുന്നു ഈ ഉദ്ബോധനത്തിന്റെ ലക്ഷ്യം. ഈ മര്യാദകളും നിഷ്ഠകളും എല്ലാ സ്ത്രീകൾക്കും ബാധകമായതുകൊണ്ട് ഇവിടെ അഹ്‌ലുൽ ബൈത്തിൽ എല്ലാ കുടുംബിനികളും ഉൾപ്പെടുന്നതിനു തടസ്സമില്ല. ഉപദേശം പ്രവാചകപത്നിമാരെ സംബോധന ചെയ്തുകൊണ്ടാകയാൽ അതിൽ സൂചിപ്പിക്കുന്ന അഹ്‌ലുൽ ബൈത്ത് പ്രവാചക പത്നിമാരാണെന്നാണ് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുള്ളത്. സാങ്കേതികമായ അർഥത്തിൽ അഹ്‌ലുൽ ബൈത്ത് നബികുടുംബമാണ്. അതിൽ പ്രവാചകന്റെ പത്നിമാർക്കു പുറമെ ഉറ്റബന്ധുക്കളായ മറ്റു സ്ത്രീ പുരുഷന്മാരും ഉൾപ്പെടുന്നു. അബ്ബാസ് ഉൾപ്പെടെയുള്ള പിതൃവ്യന്മാരും അവരുടെ മക്കളുമെല്ലാം നബികുടുംബമാണ്. പ്രവാചകന്റെ മക്കളും ഭാര്യമാരും പൗത്രന്മാരായ ഹസനും ഹുസൈനും അവരുടെ പിതാവ് അലിയും ചേർന്നതാണ് 'അഹ്‌ലുൽ ബൈത്ത്' എന്ന വീക്ഷണത്തിനാണ് ഇമാം റാസി മുൻഗണന നൽകുന്നത്. പ്രകൃത സൂക്തം പരാമർശിക്കുന്ന 'അഹ്‌ലുൽ ബൈത്ത്' പ്രവാചക പത്നിമാരും അല്ലാത്തവരുമായ എല്ലാ കുടുംബാംഗങ്ങളുമാണെന്നാണ് ഖുർത്വുബിയുടെ നിലപാട്. അദ്ദേഹത്തിന്റെ ന്യായമിതാണ്: സൂക്തത്തിലെ لِيُذْهِبَ عَنكُمُ .......... وَيُطَهِّرَكُمْ എന്നിവ പുല്ലിംഗ വചനങ്ങളായിട്ടാണ് വന്നിരിക്കുന്നത്. അഹ്‌ലുൽ ബൈത്തിൽ റസൂലും അലിയും ഹസനും ഹുസൈനും ഉൾപ്പെട്ടതുകൊണ്ടാണത്. സ്ത്രീലിംഗവും പുല്ലിംഗവും ഒരുമിച്ചു വന്നാൽ പുല്ലിംഗത്തിനാണ് മേൽക്കൈ. സൂക്തം പ്രവാചകപത്നിമാരെ സംബോധന ചെയ്യുന്നതിനാൽ അവരും അതിലുൾപ്പെട്ടു.

തിർമിദിയും മറ്റും ഉമ്മു സലമയിൽനിന്ന് ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ഈ സൂക്തം അവതരിച്ചപ്പോൾ നബി(സ) അലിയെയും ഹസനെയും ഹുസൈനെയും ഫാത്വിമയെയും വിളിച്ച് തന്നെയും അവരെയും ഒരു വസ്ത്രം കൊണ്ട് മൂടിയിട്ട് പ്രസ്താവിച്ചു: ഇത് എന്റെ കുടുംബമാകുന്നു - ഹാഉലാഇ അഹ്‌ലുബൈതീ'. ഈ നിവേദനം തീരെ അപരിചിതം - غريب- ആണെന്ന് തിർമിദി തന്നെ പറയുന്നുണ്ട്. ഇനി നിവേദനം പ്രബലമാണെങ്കിൽതന്നെ ശീഈകൾ വാദിക്കുന്നതുപോലെ ആ വസ്ത്രത്തിനുള്ളിലുണ്ടായിരുന്നുവർ മാത്രമേ അഹ്‌ലുൽ ബൈത്തിൽപെടൂ എന്നതിന് അതു തെളിവാകുന്നില്ല.

ഈ സൂക്തത്തിൽ പ്രകാശിതമാകുന്ന സുപ്രധാനമായ മറ്റു രണ്ടു കാര്യങ്ങൾ ഇവയാണ്:

1) സ്ത്രീകളുടെ മുഖ്യ പ്രവർത്തന മണ്ഡലം അവളുടെ വീടാണ്. ഗൃഹനായികയാണവൾ. വീട്ടുകാർ-വീടർ- അഹ്‌ലുൽ ബൈത്ത് എന്ന പ്രയോഗം തന്നെ അക്കാര്യം സൂചിപ്പിക്കുന്നുണ്ട്. വീട്ടുകാരി എന്ന നിലയിലുള്ള സ്ത്രീയുടെ അവകാശ-ബാധ്യതകൾ ഖുർആനും സുന്നത്തും മറ്റിടങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ കുടുംബനാഥയായി ഗാർഹിക ചുമതലകൾ നിർവഹിക്കുന്നതുകൊണ്ട് നമസ്കാരം, സകാത്ത്, ശരീഅത്തിനോടുള്ള വിധേയത്വം തുടങ്ങിയ കാര്യങ്ങളിൽനിന്ന് അവൾ ഒഴിവാകുന്നില്ല. സകാത്ത് കൊടുക്കാനുള്ള കൽപന ധനസമ്പാദനത്തിനും വിനിയോഗത്തിനുമുള്ള അവളുടെ അവകാശത്തെയും സ്വാതന്ത്ര്യത്തെയും സൂചിപ്പിക്കുന്നു. സാമ്പത്തിക ഇടപാടുകൾ അവളെ സദാ വീട്ടിൽ അടച്ചിരിക്കാൻ അനുവദിക്കുകയില്ലെന്നു വ്യക്തമാണല്ലോ. ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി പുറത്തുപോകാം. പുരുഷന്മാരുമായി ആശയവിനിമയം നടത്താം.

إِنِ اتَّقَيْتُنَّ-ക്ക് إِنِ استقبلن 'നിങ്ങൾ പുരുഷന്മാരെ അഭിമുഖീകരിക്കുന്നുവെങ്കിൽ' എന്നും അർഥമാകാം. ആ അർഥം സ്വീകരിക്കുകയാണെങ്കിൽ إِنِ اتَّقَيْتُنَّ എന്ന വാക്ക് ബന്ധപ്പെട്ടിരിക്കുന്നത് തുടർന്നു പറയുന്ന فَلَا تَخْضَعْنَ - യുമായാണ്. പുരുഷന്മാരെ അഭിമുഖീകരിക്കുമ്പോൾ അവരിൽ മൃദുല വികാരങ്ങളുണർത്തുന്ന വിധത്തിലുള്ള സംസാരമോ ചലനങ്ങളോ ഉണ്ടാവരുത്. കാര്യഗൗരവത്തോടെ മാന്യമായി വേണം സംസാരിക്കാൻ.

മാന്യമായി വസ്ത്രധാരണം ചെയ്യാതെ മേനിയഴക് പ്രദർശിപ്പിച്ചു വിലസുകയുമരുത്. ഇക്കാര്യവും സൂറ *അന്നൂർ* 31-ാം സൂക്തത്തിൽ മറ്റൊരു രീതിയിൽ കൽപിച്ചിട്ടുണ്ട്.

2) പ്രവാചകവര്യന്റെ വിശുദ്ധ പത്നിമാരെ ഖുർആൻ ഖണ്ഡിതമായി 'അഹ്‌ലുൽബൈത്ത്' എന്നു വിളിച്ചിരിക്കുന്നു. പ്രകൃത സൂക്തം പ്രവാചകപത്നിമാരല്ലാത്ത കുടുംബാംഗങ്ങൾ അഹ്‌ലുൽ ബൈത്തിൽ ഉൾപ്പെടുമെന്ന് സൂചിപ്പിക്കുന്നുമില്ല. ഇതര ബന്ധുക്കളെ 'അഹ്‌ലുൽ ബൈത്തി'ൽ ഉൾപ്പെടുത്തുന്നത് ഹദീസ് നിവേദനങ്ങളെ ആസ്പദമാക്കിയാണ്. ഖുർആനാണ് ഒന്നാം പ്രമാണം. ഹദീസ് രണ്ടാം പ്രമാണമാണ്. ഒന്നാം പ്രമാണത്തിൽ പരാമർശിക്കപ്പെടാത്ത ചിലർ കൂടി 'അഹ്‌ലുൽ ബൈത്തി'ൽ ഉൾപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുകയാണ് രണ്ടാം പ്രമാണം. അതിനാൽ ഹദീസിൽ പറഞ്ഞ 'അഹ്‌ലുൽ ബൈത്തി'ൽ പ്രവാചക പത്നിമാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അവരാരും അഹ്‌ലുൽ ബൈത്ത് അല്ല എന്ന ശീഈ നിലപാട് പ്രമാണങ്ങൾക്കും യുക്തിക്കും വിരുദ്ധമാകുന്നു. ●